ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) ഈ പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് LBS-നെ ചുമതലപ്പെടുത്തിയിരിക്കയാണ്. എസ്റ്റിമേറ്റ് ലഭിച്ച ശേഷം ഭരണാനുമതി നൽകി പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ കാർത്തിക്പുരം പാലത്തിന്റെ നിർമ്മാണം

97 [713] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാർത്തികപുരം പാലത്തിന്റെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പാലത്തിന് ഭരണാനുമതി എന്നാണ് ലഭിച്ചത്;

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പാലത്തിന്റെ നിർമ്മാണ ചെലവിന് എന്തു തുക വേണ്ടിവരും;

(ഡി) പാലം നിർമ്മാണത്തിന് നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) 78 ലക്ഷം രൂപ ചെലവിൽ നബാർഡിന്റെ ധനസഹായത്തോടെ കാർത്തികപുരം പാലം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി എത്രയുംവേഗം പാലം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിർമ്മാണ സാമഗ്രികളുടെ സർക്കാർ നിരക്ക് പുതുക്കി നിശ്ചയിക്കാൻ നടപടി

98 [714] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ സർക്കാർ നിരക്ക് പുതുക്കി നിശ്ചയിക്കാത്തതുമൂലം പൊതുമരാമത്ത് ജോലികളും എം.പി., എം.എൽ.എ. ഫണ്ടുകളിൽ നിന്നും തുക അനുവദിച്ച് നടന്നുവരുന്ന പ്രവൃത്തികളും സ്തംഭനാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള സർക്കാർ നിരക്കുകൾ ഇനംതിരിച്ച് അറിയിക്കുമോ;

(സി) ഇപ്പോഴത്തെ നിരക്കുകളും പൊതുമാർക്കറ്റിലെ വില നിരക്കുകളും തമ്മിലുള്ള അന്തരം എത്രയാണ്; ഇനംതിരിച്ച് വിശദവിവരം ലഭ്യമാക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly